LIBRARY ARCHIVES Kerala Legislative Assembly

സ്കൂളിലെത്തി ചേരുന്നതിനായി ആശ്രയിക്കുന്ന കടവുകളെക്കുറിച്ച് സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് ഒരു സർവ്വേ നടത്തുകയും സംസ്ഥാനത്ത് വളരെയധികം കുട്ടികൾ യാതൊരു സുരക്ഷയുമില്ലാത്ത കടത്തുവഞ്ചികളെ ആശ്രയിച്ചാണ് സ്കൂളിലെത്തിച്ചേരുന്നതെന്നും ഇത്തരത്തിൽ 554 കടവുകൾ ഉണ്ടെന്നും കണ്ടെത്തുകയുണ്ടായി. ഈ 554 കടവുകളിലും പാലം പണിയുന്നതിനായി 559 കോടി രൂപ ചെലവാകുമെന്ന് കണക്കാക്കിയിരുന്നു. വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്നു എന്ന് കണ്ടെത്തിയ 554 കടവുകളിലും പാലം പണിയണമെന്നതാണ് സർക്കാർ തീരുമാനം. എന്നാൽ ഇതിലേയ്ക്കാവശ്യമായ തുക പൂർണ്ണമായും സംസ്ഥാന ഗവൺമെന്റിന് കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ഓരോ ജില്ലയിലും രണ്ട് പാലങ്ങൾ വീതവും അതിനു പുറമേ മലപ്പുറം ജില്ലയിലെ മൂർക്കനാട് കടവിൽ ഒരു പാലവും ഉൾപ്പെടെ 29 പാലം സംസ്ഥാന സർക്കാർ നേരിട്ട് നിർമ്മിക്കുന്നതിന് തീരുമാനിച്ചു. ഈ 29 പാലങ്ങളിൽ ചിറയിൻകീഴ് താലൂക്കിലെ തോണിക്കടവും ഉൾപ്പെടുന്നുണ്ട്. ഇതിൽ മൂർക്കനാട് കടവിൽ പാലം നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയും വേഗം തന്നെ ഈ 29 കടവുകളിലും പാലം നിർമ്മാണം ആരംഭിക്കും. ബാക്കിയുള്ള പാലങ്ങൾ പണിയുന്നതിന് 530 കോടി രൂപ അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന ഗവൺമെന്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(2) അഭിഭാഷകർക്കുള്ള ക്ഷേമനിധി

ശ്രീ. എൻ. അനിരുദ്ധൻ : സർ, കാലഹരണപ്പെട്ടുപോകുന്ന അഭിഭാഷക ക്ഷേമനിധി ഓർഡിനൻസ് അടിയന്തരമായി നിയമമാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇൻഡ്യൻ അസോസിയേഷൻ ഓഫ് ലോയേഴ്സ് ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. വളരെ ന്യായമായ ഒരു ആവശ്യമാണിത്. നിയമസഭയ്ക്കു തന്നെ വളരെ അപഖ്യാതിയുണ്ടാക്കുന്ന രീതിയിലേയ്ക്ക് പല തവണ ഈ ഓർഡിനൻസ് ആവർത്തിച്ചാവർത്തിച്ച് നിലനിർത്തിക്കൊണ്ടു പോകുകയാണ്. മാത്രമല്ല ക്ഷേമനിധി പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമായിട്ടല്ല നടക്കുന്നത്. മുമ്പുള്ള നിയമത്തിൽ യുവ അഭിഭാഷകർക്ക് അഞ്ചു വർഷത്തേയ്ക്ക് ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടതില്ലായിരുന്നു. ഇപ്പോൾ അത് എടുത്തു കളഞ്ഞിട്ടുണ്ട്. അത് പുനഃസ്ഥാപിക്കണം. അതുപോലെതന്നെ കോടിക്കണക്കിന് രൂപ കോർട്ട് ഫീസിനത്തിൽ ഗവൺമെന്റിലേയ്ക്ക് അഭിഭാഷകരുംകൂടി ചേർന്ന് നേടിക്കൊടുക്കുന്നുണ്ട്. കോർട്ട് ഫീസിന്റെ ഒരംശം ഈ അഭിഭാഷക ക്ഷേമനിധിയിലേക്ക് നൽകണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ചികിത്സാസഹായം എല്ലാ വിഭാഗം ആളുകൾക്കും കൊടുക്കുന്നുണ്ട്. അഭിഭാഷകർക്കുള്ള ചികിത്സാസഹായം പരമാവധി ഒരു ലക്ഷം രൂപയെങ്കിലും ആക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ഈ പ്രശ്നങ്ങളുന്നയിച്ചുകൊണ്ടാണ് ഇൻഡ്യൻ അസോസിയേഷൻ ഓഫ് ലോയേഴ്സ് ഇന്ന് നിയമസഭാ മാർച്ച് നടത്തുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സത്വരശ്രദ്ധയുണ്ടാകണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, അഭിഭാഷക സമൂഹത്തോട് പ്രതിബദ്ധത മാത്രമല്ല, പ്രതിജ്ഞാബദ്ധമായ ഒരു സമീപനമാണ് സർക്കാരിനുള്ളത്. ഈ സർക്കാർ വരുമ്പോൾ രണ്ട് ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടു. അഭിഭാഷക ക്ഷേമനിധി മൂന്നു ലക്ഷം എന്നുള്ളത് അഞ്ച് ലക്ഷമാക്കുക, അഡ്വക്കേറ്റ്സ് ക്ലാർക്കിന്റേത് ഒരു ലക്ഷം എന്നത് രണ്ടു ലക്ഷമാക്കുക എന്ന ആവശ്യത്തിന്റെ പ്രാധാന്യം കണ്ടുകൊണ്ടുതന്നെയാണ് സർക്കാർ രണ്ട് ഓർഡിനൻസുകൾ ഇറക്കാൻ തീരുമാനിച്ചത്. അഭിഭാഷക ഗുമസ്തന്മാരുടെ ക്ഷേമനിധി ഓർഡിനൻസ് കൊണ്ടുവന്ന് നിയമസഭ പാസ്സാക്കി നടപ്പാക്കിയിട്ട് രണ്ടു വർഷമായി. ഇത് നടപ്പാക്കേണ്ടത് സർക്കാരല്ല. അഭിഭാഷക ക്ഷേമനിധിയുടെ ഭരണനിർവ്വഹണം നടത്തുന്നത് ബാർ കൗൺസിലും അഡ്വക്കേറ്റ് ജനറലും ഉൾപ്പെടുന്ന ട്രസ്റ്റി കമ്മിറ്റിയാണ്. അഭിഭാഷകരുടെ മേൽപ്പറഞ്ഞ ആവശ്യം സർക്കാർ ട്രസ്റ്റി കമ്മിറ്റിയുടെ മുമ്പാകെ അവതരിപ്പിച്ചു. ട്രസ്റ്റി കമ്മിറ്റി അതിന്റെ റിപ്പോർട്ട് തന്നു. അത് പരിഗണിച്ചുകൊണ്ട് ആക്ടിൽ ഭേദഗതി വരുത്തണം എന്നു പറഞ്ഞ പ്രൊപ്പോസൽ കൊച്ചിയിൽ വച്ച് എന്നെ ക്ഷണിച്ച് ഞാൻ അത് ഏറ്റുവാങ്ങിയതാണ്. ട്രസ്റ്റി കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്ട് ഭേദഗതി ചെയ്തുകൊണ്ട് 2008 ജൂൺ 10-ാം തീയതി ഓർഡിനൻസ് പുറപ്പെടുവിച്ചു. ഓർഡിനൻസ് പുറപ്പെടുവിച്ച ശേഷം ട്രസ്റ്റി കമ്മിറ്റിക്ക് ഒരു വീണ്ടുവിചാരമുണ്ടായി. ഇതിന്റെ പ്രാധാന്യം വച്ചുകൊണ്ട് ഏത് വിധേനയും ക്ഷേമനിധി നിയമം നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചു കഴിഞ്ഞു. പ്രസ്തുത ഓർഡിനൻസിനു പകരമുള്ള ബിൽ നിയമസഭയുടെ 347-ാം നമ്പർ ബില്ലായി ഇവിടെ പ്രസിദ്ധീകരിച്ചു. അത് നിയമസഭ പാസ്സാക്കി അഭിഭാഷകർക്കുള്ള ക്ഷേമനിധി അടിയന്തിരമായി നടപ്പാക്കുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പു നൽകുന്നു.

(3) പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പ്

ശ്രീ. കെ. ബാബു : സർ, സംസ്ഥാനത്ത് പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പ് നടക്കുന്ന സന്ദർഭമാണിത്. 23-ാം തീയതി ജില്ലാ കമ്മിറ്റിയിലേയ്ക്കുള്ള മെമ്പർമാരുടെ തെരഞ്ഞെടുപ്പും 30-ാം തീയതി ജില്ലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 20-8-2010-ന് സംസ്ഥാന കമ്മിറ്റി തെരഞ്ഞെടുപ്പുമാണ് ഷെഡ്യൂൾ ചെയ്തിട്ടുള്ളത്. ഈ തെരഞ്ഞെടുപ്പ് നീതിപൂർവ്വമായും നിഷ്പക്ഷമായും ഭരണകക്ഷിയുടെ സമ്മർദ്ദങ്ങളില്ലാതെ നടത്താനുമുള്ള ക്രമീകരണം നടത്തണം എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. പോലീസുകാർക്ക് പ്രോക്സി വോട്ടിനുള്ള സൗകര്യമുണ്ട്. വോട്ടിംഗ് ദിവസം ജില്ലയ്ക്ക് പുറത്ത് ഡ്യൂട്ടിക്ക് പോകുന്ന പോലീസുകാർക്കും മെഡിക്കൽ ലീവിലോ ഏൺഡ് ലീവിലോ ഹാഫ് പേ ലീവിലോ ഉള്ള പോലീസുകാർക്കുമാണ് പ്രോക്സി വോട്ട് ചെയ്യാനുള്ള അനുവാദമുള്ളത്. എന്നാൽ എല്ലാദിവസവും ജോലിക്ക് ഹാജരാകുന്ന പോലീസുകാരെ നിർബ്ബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly